(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ടാണ്;

(ഇ) നിയമസഭയിൽ പ്രാതിനിധ്യമുള്ള എല്ലാ കക്ഷികൾക്കും ഈ കമ്മിറ്റികളിൽ അംഗത്വം നൽകുമോ;

(എഫ്) ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ജി) ഈ കമ്മറ്റികളിൽ അംഗമായിരിക്കാൻ എന്തെങ്കിലും യോഗ്യത ആവശ്യമായിട്ടുണ്ടോ; അവ എന്തൊക്കെയാണ്?

ഉത്തരം

(എ) അംഗങ്ങളുടെ പേരുവിവരം അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു.*

(ബി) രാഷ്ട്രീയപാർട്ടി നോക്കിയല്ല ഈ ബോർഡിലേയ്ക്കും കമ്മറ്റിയിലേക്കും അംഗങ്ങളെ നോമിനേറ്റ് ചെയ്തിട്ടുള്ളത്.

(സി) ഭരണകക്ഷികളിൽപ്പെട്ടിട്ടില്ലാത്തവരും ഇവയിൽ അംഗങ്ങളാണ്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ, എഫ്) 'ബി' യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ജി) ഹജ്ജ് കമ്മറ്റിയിൽ അംഗമാകാൻ പ്രത്യേക യോഗ്യതയൊന്നും നിശ്ചയിച്ചിട്ടില്ല. എന്നാൽ വഖഫ് ബോർഡിൽ അംഗമാകുന്നതിന് ചില യോഗ്യതകളും ആവശ്യമുണ്ട്. അവ അനുബന്ധം 2-ൽ കൊടുത്തിരിക്കുന്നു.*

ഔദ്യോഗികതലത്തിൽ മുസ്ലീങ്ങളുടെ പ്രാതിനിധ്യം

1278 [2055] ശ്രീ. പി. പി. വി. മുസ്സ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) കേരളത്തിലെ ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാർ, ഡി.ഇ.ഒ. മാർ, എ. ഇ. ഒ. മാർ വിദ്യാഭ്യാസ സെക്രട്ടറിമാർ, വിദ്യാഭ്യാസ ഡയറക്ടർമാർ, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർ, സർവ്വകലാശാലാവകുപ്പദ്ധ്യക്ഷൻമാർ തുടങ്ങിയവർ ആകെ എത്ര;

(ബി) ഇവരിൽ മുസ്ലീങ്ങൾ എത്ര; മറ്റുപിന്നോക്ക വിഭാഗങ്ങൾ എത്ര;

(സി) ഈ തസ്തികകളിൽ മുസ്ലീങ്ങൾക്ക് മതിയായ പ്രാതിനിധ്യം ലഭിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ലഭിക്കാത്തത് എന്തുകൊണ്ടാണ്; നിശ്ചിത യോഗ്യത ഉള്ളവർ ഇല്ലാത്തതുകൊണ്ടാണോ;

ഉത്തരം

(എ) സർവ്വകലാശാലാവകുപ്പ് അദ്ധ്യക്ഷൻമാർ ഉൾപ്പെടാതെ ആകെ 873 പേർ. സർവ്വകലാശാലാവകുപ്പ് അദ്ധ്യക്ഷൻമാരെ സംബന്ധിക്കുന്ന വിവരം ശേഖരിച്ചുവരുന്നു.

* അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly

(ബി) മുസ്ലീങ്ങൾ 47 പേർ. പിന്നോക്കവിഭാഗക്കാരെ സംബന്ധിക്കുന്ന പൂർണ്ണവിവരം ശേഖരിച്ചുവരുന്നു.

(സി, ഡി) വിദ്യാഭ്യാസ ഡയറക്ടർമാരുടെ കീഴിലുള്ള മേൽ സൂചിപ്പിച്ച തസ്തികകളിൽ പ്രമോഷൻ സീനിയോറിറ്റി അടിസ്ഥാനത്തിലാണ് നൽകുന്നത്. അതുകൊണ്ടാണ് എല്ലാ തസ്തികകളിലും മതിയായ പ്രാതിനിധ്യം ലഭിക്കാത്തത്.

കണ്ണൂർ ജില്ലയിലെ ഹൈസ്കൂളുകൾ ഇല്ലാത്ത പഞ്ചായത്തുകൾ

1279 [2056] ശ്രീ. പി. പി. വി. മൂസ്സ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ ഹൈസ്കൂൾ ഇല്ലാത്ത പഞ്ചായത്തുകൾ എത്ര; അവ ഏവ;

(ബി) ഈ പഞ്ചായത്തുകളിൽ ഹൈസ്കൂളുകൾ അനുവദിക്കണമെന്ന നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(സി) ആ നിവേദനങ്ങളുടെ മേൽ എന്തുനടപടികളാണ് സ്വീകരിച്ചത്;

(ഡി) ഈ പഞ്ചായത്തുകളിൽ സമീപഭാവിയിൽ എങ്കിലും ഹൈസ്കൂളുകൾ സ്ഥാപിക്കാൻ നടപടികൾ കൈക്കൊള്ളുമോ;

(ഇ) മുഴപ്പിലങ്ങാട് പഞ്ചായത്തിൽ ഹൈസ്കൂളുകൾ അനുവദിക്കണമെന്ന കാര്യം വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ അവിടെ ഹൈസ്കൂൾ എപ്പോൾ അനുവദിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ 27 പഞ്ചായത്തുകളിൽ ഹൈസ്കൂളുകൾ ഇല്ല. ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.

(ബി) ഇവയിൽ ചില പഞ്ചായത്തുകളിൽ ഹൈസ്കൂളുകൾ അനുവദിക്കണമെന്ന് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

(സി, ഡി) ലിസ്റ്റിലുള്ള ചില പഞ്ചായത്തുകളിൽ അടുത്ത അദ്ധ്യയന വർഷം ഹൈസ്കൂളുകൾ അനുവദിക്കാൻ നടപടി എടുത്തിട്ടുണ്ട്.

(ഇ) നിവേദനം ലഭിച്ചിട്ടുണ്ട്.

(എഫ്) കൃത്യമായി പറയുവാൻ നിവൃത്തിയില്ല.

പറവൂരിൽ ഗവ: കോളേജ് സ്ഥാപിക്കാൻ നടപടി

1280 [2057] ശ്രീ. ടി. കെ. അബ്ദു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കൻ പറവൂരിൽ ഒരു ഗവ: കോളേജ് സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly